ENTRI

1 Crore User Downloads

# CURRENT AFFAIRS 18 JULY 2025




നെൽസൺ മണ്ടേല

### നെൽസൺ മണ്ടേല ദിനം

ജൂലൈ 18

- നെൽസൺ മണ്ടേലയുടെ ബഹുമാനാർത്ഥം മണ്ടേലയുടെ ജന്മദിനമായ ജൂലായ് 18 നാണ് മണ്ടേലദിനം ആഘോഷിക്കുന്നത്.
- 1918 ജൂലൈ 18ന് ദക്ഷിണാഫ്രിക്കയിലെ ബാഷി നദിയുടെ തീരത്തുള്ള വെസോ എന്ന ഗ്രാമത്തിലാണ് നെൽസൺ മണ്ടേലയുടെ ജനനം.

---




### 'Enlightened Leadership' എന്ന പുസ്തകത്തിന്റെ രചയിതാവ്

ഷെറിങ് ടോബ്ഗേ (ഭൂട്ടാൻ പ്രധാനമന്ത്രി)

---



### സ്ഥാപിതമായതിന്റെ 150-ാം വാർഷികം 2025-ൽ ആഘോഷിക്കുന്ന ഇന്ത്യൻ സ്റ്റോക്ക് എക്സ്ചേഞ്ച്

ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് (ബിഎസ്ഇ)

- മുംബൈ ആസ്ഥാനമായുള്ള ഒരു ഇന്ത്യൻ സ്റ്റോക്ക് എക്സ്ചേഞ്ചാണ് ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്.
- 1875-ൽ സ്ഥാപിതമായ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് ഏഷ്യയിലെ ഏറ്റവും പഴയ സ്റ്റോക്ക് എക്സ്ചേഞ്ചാണ്.

---



### 2025 ജൂലൈയിൽ 'ഡ്രോർ 1' എന്ന ജിയോസ്റ്റേഷനറി ഉപഗ്രഹം വിക്ഷേപിച്ച രാജ്യം

ഇസ്രായേൽ

- കേപ് കനാവറലിൽ നിന്ന് സ്പേസ് എക്സ് ഫാൽക്കൺ 9 റോക്കറ്റിലാണ് വിക്ഷേപണം നടന്നത്.

---



### ഇന്ത്യയിലെ ആദ്യത്തെ വാട്ടർ ടെക്നോളജി പാർക്കായ 'അക്വാ ടെക് പാർക്ക്' നിലവിൽ വന്ന സംസ്ഥാനം

അസം

- അസം സർക്കാരിന്റെ നേതൃത്വത്തിൽ മത്സ്യബന്ധന വകുപ്പാണ് അക്വാ ടെക് പാർക്ക് ആരംഭിച്ചത്.
- മത്സ്യ കൃഷി സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുക, മത്സ്യ സംരംഭകർ, കർഷകർ, വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞർ എന്നിവർക്കായി പരിശീലനവും ഗവേഷണ സൗകര്യവും നൽകുക, ജല സങ്കേതങ്ങളുടെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് അക്വാ ടെക് പാർക്കിന്റെ ഉദ്ദേശ്യം.